(ഡി) എം പാനൽ ജീവനക്കാരായ ഡ്രൈവർമാർ ഓടിക്കുന്ന വാഹനങ്ങൾ കൂടുതൽ അപകടങ്ങളിൽപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.-യിൽ ഇപ്പോൾ വിവിധ തസ്തികകളിലായി 24548 സ്ഥിരം ജീവനക്കാരുണ്ട്. 6846 പേർ താത്ക്കാലികക്കാരായുണ്ട്.

(ബി) കെ. എസ്. ആർ. ടി. സി.-യിൽ ഓപ്പറേറ്റിംഗ് വിഭാഗത്തിൽ 19443-ഉം, മെക്കാനിക്കൽ വിഭാഗത്തിൽ 3153-ഉം, മിനിസ്റ്റീരിയൽ വിഭാഗത്തിൽ (സെക്യൂരിറ്റി, സ്റ്റോർ) 1952-ഉം സ്ഥിരം ജീവനക്കാരും, ഓപ്പറേറ്റിംഗ് വിഭാഗത്തിൽ 5583-ഉം, മെക്കാനിക്കൽ വിഭാഗത്തിൽ 1119-ഉം., മിനിസ്റ്റീരിയൽ വിഭാഗത്തിൽ 144-ഉം (സെക്യൂരിറ്റി) താൽക്കാലിക ജീവനക്കാരും ജോലി ചെയ്തുവരുന്നു.

(സി) കെ. എസ്. ആർ. ടി. സി.-യിൽ വിവിധ തസ്തികകളിലായി 6846 പേർ എംപാനൽ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു. സ്ഥിരം ജീവനക്കാരുടെ അപ്രതീക്ഷിത അവധി, മറ്റു ഉത്സവ അവസരങ്ങൾ എന്നീ സാഹചര്യങ്ങളിൽ സർവ്വീസ് ക്യാൻസലേഷൻ ഒഴിവാക്കുന്നതിനായി വിനിയോഗിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള ഒരു അഡ്ഹോക്ക് അറേജ്മെന്റാണ് എംപാനൽ സംവിധാനം. അപ്രകാരം നിയമിക്കുന്ന ജീവനക്കാരിൽ ഡ്രൈവർമാർക്ക് 120 രൂപയും കണ്ടക്ടർക്ക് 110 രൂപയും ഓരോ ഡ്യൂട്ടിക്കും ശമ്പളമായി ലഭിക്കുന്നു.

(ഡി) എം പാനൽ ജീവനക്കാരായ ഡ്രൈവർമാർ ഓടിക്കുന്ന വാഹനങ്ങൾ കൂടുതലായി അപകടങ്ങളിൽപ്പെടുന്നതായി കെ. എസ്. ആർ. ടി. സി.-യുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

റൂട്ടുകൾ ദേശവൽക്കരിക്കുന്നതിന് നടപടി

87 [2859] ഡോ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുരുത്തി-മുളയ്ക്കാംതുരുത്തി-കൃഷ്ണപുരം (കാവാലം) റോഡ്, കുറിച്ചി-കൈനടി-കാവാലം എന്നീ റൂട്ടുകൾ ദേശവൽക്കിരിക്കുന്നതിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(ബി) ഇതിന്മേലുള്ള പരാതികളിന്മേൽ എന്തു തീർപ്പ് കൽപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ റൂട്ടുകൾ ദേശവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2004 ജൂലൈ മാസം 6-ാം തീയതി കേരള സർക്കാർ ഗസറ്റിൽ (അസാധാരണം) നം. 1412 പ്രകാരം കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി ആന്റ് സി) അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് യഥേഷ്ടം സ്റ്റോപ് അനുവദിക്കുന്നതിന് നടപടി

88 [2860] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ്, സൂപ്പർ എക്സ്പ്രസ്സ് തുടങ്ങിയ ബസ്സ് സർവ്വീസുകൾക്ക് ഫെയർ സ്റ്റേജ്, സ്റ്റോപ്പുകൾ എന്നിവ നിർണ്ണയിക്കുന്നതിന് അവലംബിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം-കൊല്ലം, തിരുവനന്തപുരം-നാഗർകോവിൽ, തിരുവനന്തപുരം-വിഴിഞ്ഞം, തിരുവനന്തപുരം-ചെങ്കോട്ട, തിരുവനന്തപുരം-കൊട്ടാരക്കര റൂട്ടുകളിൽ എക്സ്പ്രസ്സ്, സൂപ്പർ എക്സ്പ്രസ്സ് തുടങ്ങിയ ബസ്സ് സർവ്വീസുകളുടെ ആദ്യത്തെ മൂന്ന് ഫെയർ സ്റ്റേജും, പോയിന്റുകളും ബസ്സ് ഫെയറും യഥാക്രമം എത്രയെന്ന് അറിയിക്കാമോ;

(സി) മേൽ കാണിച്ചിരിക്കുന്ന ഫെയർ സ്റ്റേജ് പോയിന്റുകൾ തിരുവനന്തപുരത്തു നിന്ന് യഥാക്രമം എത്ര കിലോമീറ്റർ വീതം അകലെയാണെന്ന് അറിയിക്കാമോ;

(ഡി) തിരുവനന്തപുരം-കൊട്ടാരക്കര റൂട്ടിലെ വെമ്പായം ജംഗ്ഷനിൽ എല്ലാ സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്കും ഫെയർ സ്റ്റേജ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) അഞ്ഞൂറ് കിലോമീറ്ററിലധികം ഒറ്റ ടിക്കറ്റിൽ ദീർഘയാത്ര നടത്തുന്ന കെ. എസ്. ആർ. ടി. സി. യാത്രക്കാരന് പകൽ സമയത്തും എല്ലാ ഇനം ബസ്സുകളിലും ഇഷ്ടാനുസരണം സ്റ്റോപ്പ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly